# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 598 — 29/05/2019 ൽ മറുപടിക്ക്

## സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലനം

| | ചോദ്യം<br>ശ്രീ . ഒ . ആർ . കേളു | | ഉത്തരം<br>ശ്രീ. ഇ. പി. ജയരാജൻ<br>(വ്യവസായവും സ്പോർട്ട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ബാംബൂ കോർപ്പറേഷന്റെ സഹകരണത്തോടെ കുടുംബശ്രീയുമായി ചേർന്ന് സ്ത്രീകൾക്ക് കരകൗശല - നിർമ്മാണ പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ ; | (എ) | സംസ്ഥാന ബാംബൂ കോർപ്പറേഷൻ കുടുംബശ്രീയുമായി ചേർന്ന് സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലന പരിപാടികൾ നാളിതുവരെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കുടുംബശ്രീയുമായി ചേർന്ന് പ്രവർത്തിക്കുന്ന സ്ത്രീകൾ കരകൗശല നിർമ്മാണ പരിശീലനത്തിന് താൽപ്പര്യം കാണിക്കുകയാണെങ്കിൽ പരിശീലന പരിപാടികൾ സംഘടിപ്പിച്ച് പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുന്നതാണ് . സംസ്ഥാന ബാംബൂമിഷൻ സ്ത്രീകൾക്ക് കരകൗശല നിർമ്മാണ പരിശീലനം വിവിധ ജില്ലകളിൽ നടത്തി വരുന്നുണ്ട് . |
| (ബി) | വള്ളിയൂർക്കാവ് ബാംബൂ ഫീഡർ ഫർണിച്ചർ യൂണിറ്റ് വിപുലീകരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടോ; | (ബി) | ഉണ്ട് . |
| (സി) | എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | (സി) | 1) മുള ഉപയോഗിച്ച് ഇൻസെൻസ് സ്റ്റിക്ക് നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റ് .<br>2) ഈറ്റയിൽ നിന്ന് പനമ്പ് നെയ്യുന്നതിനുള്ള ഒരു സാമൂഹ്യ യന്ത്രവത്കൃത പനമ്പ് നെയ്ത്ത് കേന്ദ്രം .<br>3) നിലവിൽ മാനന്തവാടി ഫീഡർ യൂണിറ്റിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ബാംബൂ ഫർണ്ണീച്ചർ യൂണിറ്റിന്റെ വിപുലീകരണം . |

സെക്ഷൻ ഓഫീസർ